KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.109/PR/PIC/PHQ/13 Date : 23.10.2013

## പുകയില നിയന്ത്രണം: സംസ്ഥാനത്ത് 35237 പേര്‍ക്കെതിരെ നടപടി

സിഗരറ്റിന്റെയും മറ്റ് പുകയില ഉത്പന്നങ്ങളുടെയും ഉത്പാദനം, വിതരണം, വിപണനം എന്നിവയുടെ നിയന്ത്രണവും പുകയില പരസ്യ നിരോധനവും നിയമപ്രകാരം (COTPA) 2013 ജനുവരി മുതല്‍ ആഗസ്റ്റ് വരെ സംസ്ഥാനത്ത് 35,237 പേര്‍ക്കെതിരെ പോലീസ് നടപടിയെടുത്തു. സിഗരറ്റിന്റെയും പുകയില ഉത്പന്നങ്ങളുടെയും പരസ്യങ്ങള്‍ നിരോധിക്കുന്നതിനും ഉത്പാദനവും വിപണനവും നിയന്ത്രിക്കുന്നതിനുമായി 2003-ല്‍ കേന്ദ്ര സര്‍ക്കാര്‍ കൊണ്ടുവന്ന നിയമമാണ് കോട്പ. ഇതിനെ തുടര്‍ന്ന് 2012 മേയ് 22 മുതല്‍ സംസ്ഥാനത്ത് പുകയിലയും നിക്കോട്ടിനും അടങ്ങിയ പാന്‍മസാലയും ഗുഡ്കയും സംസ്ഥാന സര്‍ക്കാര്‍ നിരോധിക്കുകയുണ്ടായി.

പൊതുസ്ഥലങ്ങളില്‍ പുകവലിക്കുന്നതിനെതിരെയുള്ള സെക്ഷന്‍ 4 പ്രകാരം 31,358 പേര്‍ക്കെതിരെ നടപടി സ്വീകരിക്കുകയും 42,07,600 രൂപ പിഴ ഈടാക്കുകയും ചെയ്തു. പുകയില ഉത്പന്നങ്ങളുടെ നേരിട്ടും അല്ലാതെയുമുള്ള പരസ്യം, വിപണനപ്രോത്സാഹനം എന്നിവ തടയുന്നതിനുള്ള സെക്ഷന്‍ 5 പ്രകാരം 2978 പേര്‍ക്കെതിരെ നടപടിയെടുക്കുകയും 3,97,500 രൂപ പിഴ ഈടാക്കുകയും ചെയ്തു. 18 വയസ്സിന് താഴെയുള്ളവര്‍ക്ക് പുകയില ഉത്പന്നങ്ങള്‍ വില്‍ക്കുന്നത് തടയുന്നതിനുള്ള സെക്ഷന്‍ 6(എ) പ്രകാരം 169 പേര്‍ക്കെതിരെ നടപടിയെടുക്കുകയും 11,500 രൂപ പിഴ ഈടാക്കുകയും ചെയ്തു. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ 300 അടി ചുറ്റളവില്‍ പുകയില ഉത്പന്നങ്ങളുടെ വില്‍പ്പന തടയുന്ന 6(ബി) വകുപ്പ് പ്രകാരം 669 പേര്‍ക്കെതിരെ നടപടിയെടുക്കുകയും 4,35,400 രൂപ പിഴ ഈടാക്കുകയും ചെയ്തു. പുകയില ഉത്പന്ന പായ്ക്കറ്റുകളില്‍ നിയമപ്രകാരമുള്ള ആരോഗ്യ മുന്നറിയിപ്പ് നല്‍കാത്തതിനെതിരെ നടപടിക്കുള്ള 7-ാം വകുപ്പ് പ്രകാരം 63 പേര്‍ക്കെതിരെ നടപടിയെടുത്തു.

സംസ്ഥാനത്ത് പുകയിലയുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് പരിശോധന കൂടുതല്‍ കര്‍ശനമാക്കുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു.

***********

The contents of this document may be deemed to be based on received information which is subject to further verification